ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം –695003

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
Email: celsgd@gmail.com
Website: www.celsgd.kerala.gov.in

**നം. ഇ8/4436/2022/സിഇ/തസ്വഭവ** **തീയതി : 25.04.2022**

# പരിപത്രം

**വിഷയം** :– ത.സ്വ.ഭ.വ–ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് (LID & E) – ജീവനക്കാര്യം– പൊതുസ്ഥലംമാറ്റം ഓൺലൈൻ അപേക്ഷ– സംബന്ധിച്ച്.

**സൂചന** :– 1) 18.04.2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.
2) 19.04.2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പൊതുസ്ഥലം മാറ്റത്തിന് ഓൺലൈനായി സ്പാർക്ക് മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ സമർപ്പിക്കുന്നതിനായി പല സെക്ഷൻ ഓഫീസുകളും സ്പാർക്കിൽ ലിസ്റ്റ് ചെയ്യുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സബ് ഡിവിഷൻ ഓഫീസുകളിൽ നിന്നും ഡി.ഡി.ഒ മാരാണ് സെക്ഷൻ ഓഫീസുകളെ സബ് ഓഫീസുകളായി സ്പാർക്കിൽ രേഖപ്പെടുത്തേണ്ടത്. ഇപ്രകാരം രേഖപ്പെടുത്തൽ നടത്താത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് അതാത് സബ് ഡിവിഷനുകളിലെ ഡി.ഡി.ഒ മാർ ഉത്തരവാദികളായിരിക്കും.

പരാമർശം(1) പ്രകാരം ഇനിയും, സ്പാർക്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണം പല ഡി.ഡി.ഒ മാരും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായി കാണേണ്ടിവരും. ആയതിനാൽ അടിയന്തിരമായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണം സ്പാർക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ